പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1700 16.03.2015- ൽ മറുപടിയ്ക്ക്

## ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നൽകിവരുന്ന പെൻഷൻ

ചോദ്യം

ശ്രീ. എ.പ്രദീപ്കുമാർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നിലവിൽ നൽകിവരുന്ന പെൻഷൻ സംബന്ധിച്ച വിവരം നൽകാമോ ; | (എ) | 80% ഉം അതിനുമുകളിലും വികലാംഗത്വമുള്ളവർക്ക് പ്രതിമാസം 1100/- രൂപാ നിരക്കിലും മറ്റ് അംഗവൈകല്യമുള്ളവർക്ക് പ്രതിമാസം 800/- രൂപാ നിരക്കിലും പെൻഷൻ നൽകിവരുന്നു. |
| (ബി) | ഈ സർക്കാർ പെൻഷൻ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 300/- രൂപയായിരുന്ന വികലാംഗപെൻഷൻ ഇപ്പോൾ 800/- രൂപയാണ്. 80% വും അതിനുമുകളിലും അംഗവൈകല്യമുള്ളവർക്ക് നൽകിവരുന്ന പെൻഷൻ 2012 മുതൽ 700/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പെൻഷൻ വിതരണത്തിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ ; എത്ര മാസത്തെ കുടിശ്ശികയാണുള്ളത് ; | (സി) | ഉണ്ട്. വികലാംഗപെൻഷന് ഏകദേശം മൂന്നുമാസത്തെ കുടിശ്ശികയുണ്ട്. |
| (ഡി) | കുടിശ്ശിക നൽകുന്നതിനായി എന്ത് തുക വേണ്ടിവരും ; ഇത് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | വികലാംഗ പെൻഷൻ കുടിശ്ശിക വിതരണത്തിനായി 6898.96 ലക്ഷം രൂപ വേണ്ടിവരും. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അത് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ